## മത്തായി 12, 1-13. ബലിയല്ല കരുണയാണ്

സാബത്തു ദിവസം പഴയനിയമകൽപനകളനുസരിച്ച് പൂർണ്ണ വിശ്രമത്തിന്റെ ദിവസമാണ്. അന്നു ജോലി ചെയ്യുകയോ, ചെയ്യിപ്പിക്കുകയോ പാടില്ല. ആറുദിവസത്തെ അദ്ധ്വാനത്തിനുശേഷം ഒരുദിവസം കുടുംബത്തിൽ സന്തോഷപൂർവ്വം വിശ്രമത്തിലും ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദിപറയുവാനുമള്ള ദിനമാണ് സാബത്ത്. പക്ഷെ അന്ന് പുണ്യപ്രവൃത്തികൾ പാടില്ലയെന്ന് ഒരു നിയമവും പറയുന്നില്ല. **ദൈവം നമ്മെയോർത്ത് സന്തോഷിക്കുന്നത് തീർച്ചയായും നമ്മുടെ പുണ്യപ്രവൃത്തികളും മറ്റുള്ളവരോടു നാം കാണിക്കുന്ന സ്നേഹവും കരുണയുമൊക്കെകിട്ടാണ്.** എന്നാൽ ഫരിസേയ പാരമ്പര്യം നിയമത്തിന് അധികപ്രാധാന്യം നൽകി. സാബത്തുദിവസം ചെയ്യാൻ പാടില്ലാത്ത ജോലികളെക്കുറിച്ച് അവർ ചർച്ചകൾ നടത്തുകയും ചെയ്യാൻ പാടില്ലാത്ത 39വിലക്കുകൾ നിശ്ചയിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള ഫരിസേയ മനോഭാവത്തെ വിമർശിക്കുകയാണ് ഈശോ ഇന്നത്തെ സുവശേഷത്തിലൂടെ.

ഹോസിയായുടെ പുസ്തകം **6, 6 ൽ പറയുന്നു ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്.** ഇതേ വചനം വീും ഉച്ചരിച്ചുകെ് ഈശോ മത്തായി 12, 7ലൂടെ പറയുന്നു ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നതെന്ന്. ഈശോ കാണിച്ചു തന്ന സ്നേഹപ്രമാണം എന്നത് ദൈവത്തിന് മനുഷ്യനോടുള്ള കരുണയുടെ പ്രമാണമാണ്. ദൈവത്തിന് സ്നേഹമെന്നാൽ കരുണയെന്നുതന്നെയർത്ഥം. അതുകെ് ഈ വചനത്തിലൂടെ സ്നേഹമാണ് സകല ആരാധനക്രമങ്ങളെയും, ബലിയനുഷ്ഠാനങ്ങളെയും, നിയമങ്ങളെയും കാൾ ഏറെ ശ്രേഷ്ഠമെന്ന് ഈശോ പഠിപ്പിക്കുന്നു. സ്നേഹം അഥവാ കരുണയാണ് എല്ലാ ദൈവഹിത്തിന്റെയും സംഗ്രഹം. ഇതിനെക്കുറിച്ച് ഗ്രാഹ്യമില്ലാത്തതുകൊാണ് ഫരിസേയർ സാബത്തിലെ നല്ലപ്രവർത്തികളെപ്പോലും മോശമായി ചിത്രീകരിക്കുകയും വിമർശിക്കുകയും ചെയ്യുന്നത്.

്ര ആരോപണങ്ങളാണ് ഫരിസേയർ ഈശോക്കും ശിഷ്യന്മാർക്കുമെതിരെ ഉന്നയിക്കുന്നത്. ഒന്നാമതായി വയലിലൂടെ കടന്നുപോകുമ്പോൾ ശിഷ്യന്മാർ വിശപ്പടക്കാൻ കതിരുകൾ പറിച്ചു തിന്നുവെന്നതും,ഈശോ സാബത്തിൽ രോഗശാന്തി നൽകിയെന്നതും. കതിരു പറിക്കുന്നത് കൊയ്ത്തിന് തുല്യമായ പ്രവൃത്തിയാണുപോലും. അതുകെ് അത് സാബത്തിനെതിരാണ്. രാമതായി ഈശോ കൈശോഷിച്ച് മനുഷ്യന് രോഗശാന്തി നൽകുന്നതിനെ അവർ വിമർശിക്കുന്നു. മത്തായുടെ സുവിശേഷപ്രകാരം ശിഷ്യന്മാർ കതിര് പറിച്ച് ഭക്ഷിച്ചത് വിശന്നപ്പോളാണ്. വിശപ്പടക്കുന്നതും വിശക്കുന്നവനെ പരിഗണിക്കന്നതും പുണ്യപ്രവർത്തിതന്നെ. രോഗിക്ക് സൗഖ്യം നൽകുന്നതും അപ്രകാരം പുണ്യം തന്നെ. പിന്നെയന്തിന് അവർ ഈശോയെയും ശിഷ്യരെയും വിമർശിക്കുന്നു. പുണ്യപ്രവർത്തിചെയ്യുന്നവന് നിയമവും ചുറ്റുപാടും നോക്കേ കാര്യമില്ല. അത് ചെയ്യാൻ താൽപര്യമില്ലാത്തവർ എപ്പോഴും വിമർശനങ്ങളുമായി മുന്നോട്ടുവരും. നിയമവ്യവസ്ഥിതകൾക്കെല്ലാം ഉപരിയാണ് സ്നേഹവും കരുണയും. അത് തിരിച്ചറിയുവാനും അവസരോചിതമായി പ്രവൃത്തിച്ച് ദൈവത്തെ പ്രീതിപ്പെടുത്താനും നമ്മുക്കാവണം. മനുഷ്യപ്രീതിക്കുവേി പ്രവൃത്തിക്കുന്നവരാണ് ഫരിസേയമനോഭാവികൾ അത്തരക്കാരുടെ മനോഭാവം ക്രൈസ്തവമല്ല.

നന്മചെയ്യാൻ സാബത്തോ ഇതര നിയമങ്ങളോ തടസ്സമാകരുതെന്ന് ക്രിസ്തു ഇന്നത്തെ സുവിശേഷത്തിലൂടെ ചൂിക്കാട്ടുന്നു. മനുഷ്യത്വത്തോളം വിലയുള്ളതല്ല നിയമങ്ങളും ചട്ടങ്ങളും. മനുഷ്യന്റെ നന്മ ഉയർത്തിപ്പിടിക്കാനായി ദൈവം നൽകിയതാണ് നിയമങ്ങൾ. **നിയമങ്ങൾക്ക് സ്നേഹത്തിന്റെ നിറവും, കരുണയുടെ തലോടലും, പരിഗണനയുടെ ചൂടും ലഭിക്കുമ്പോൾ അത് മനുഷ്യന് സുഖമുള്ളതാകുന്നു.**

**ഫാ. ജോസഫ് കോയിക്കൽ**